**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4457</u>** **<u>01-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സംരംഭകത്വ വികസന ക്ലബ്ബുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വ്യവസായ വകുപ്പ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ ആലപ്പുഴ മണ്ഡലത്തിലെ കൂടുതൽ വിദ്യാഭാസ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | വിദ്യാർത്ഥികളിൽ സംരഭക ആശയം രൂപപ്പെടുത്തുന്നതിൽ ED ക്ലബ്-കൾക്ക് വലിയ തോതിലുള്ള പങ്കുണ്ട്. ED Club ന്റെ പ്രവർത്തനം വിപുലീകരിക്കാനുള്ള കർമ്മ പദ്ധതികൾ വകുപ്പ് ആസൂത്രണം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ED ക്ലബ് ആരംഭിക്കുന്നതിനുള്ള കാര്യം പരിഗണിച്ചു വരുന്നു. |
| (ബി) | മണ്ഡലത്തിൽ നിലവിൽ ആരംഭിച്ച സംരംഭകത്വ വികസന ക്ലബ്ബുകളുടെ പ്രവർത്തനം ഗുണപരമായിട്ടുണ്ടോ; പ്രസ്തുത ക്ലബ്ബുകൾ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വ അഭിരുചി വളർത്തുന്നതിനായി വ്യക്തിത്വ വികസന പരിപാടികൾ, സംരംഭകത്വ പ്രചോദന ക്ലാസുകൾ, ഇൻഡസ്ട്രിയൽ വിസിറ്റ്, കരകൗശല കലാ പ്രദർശനം, സെമിനാറുകൾ, ഇ.ഡി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റ്, നിക്ഷേപക ബോധവത്കരണ പരിപാടി, പച്ചക്കറികൾ കൃഷി ചെയ്തു വിപണനം, പ്ലാസ്റ്റിക്ക് സഞ്ചി നിരോധനത്തോടനുബന്ധിച്ച് തുണി സഞ്ചി വിൽപ്പന തുടങ്ങിയ പരിപാടികൾ ക്ലബ്ബുകൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ